"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-കണ്ണൂർ ജില്ലയിലെ ആറളം ഗ്രാമ പഞ്ചായത്തിലെ ഹെഡ് ക്ലാർക്ക് ശ്രീമതി.സുമ.കെ.ജി യ്ക്ക് കെ.എസ്.ആർ. ഭാഗം I അനുബന്ധം XII C പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.198/2022/LSGD തീയതി,തിരുവനന്തപുരം, 01-02-2022

---

പരാമർശം:-

1. പഞ്ചായത്ത് ഡയറക്ടറുടെ 03.02.2017 ലെ ഇ 3-3672/16 നമ്പർ നടപടിക്രമം
2. ശ്രീമതി.സുമ.കെ.ജി യുടെ 14.09.2020ലെ ശൂന്യവേതനാവധിയപേക്ഷ.
3. പഞ്ചായത്ത് ഡയറക്ടറുടെ 06.02.2021, 10.11.2021 എന്നീ തീയതികളിലെ ഇ3-14304/20നമ്പർ കത്തുകൾ.
4. പഞ്ചായത്ത് ഡയറക്ടറുടെ 03.11.2021 ലെ ഇ 3-14304/2020 നമ്പർ നടപടിക്രമം

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ ആറളം ഗ്രാമ പഞ്ചായത്തിലെ ഹെഡ് ക്ലാർക്ക് ശ്രീമതി.സുമ.കെ.ജി യ്ക്ക് കെ.എസ്.ആർ. ഭാഗം 1 അനുബന്ധം 1 2 സി പ്രകാരം ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (1) നടപടിക്രമം പ്രകാരം 04.01.2016 മുതൽ 5 വർഷത്തേക്ക് ശ്രീമതി.സുമ.കെ.ജി യ്ക്ക് മുൻ കാല പ്രാബല്യത്തോടെ കെ.എസ്.ആർ ഭാഗം 1, അനുബന്ധം 12 സി പ്രകാരം ശൂന്യവേതനാവധി അനുവദിച്ചിരുന്നു. പ്രസ്തുത കാലാവധി 03.01.2021 ന് അവസാനിച്ചു. കെ.എസ്.ആർ. ഭാഗം I. അനുബന്ധം XII-C, ചട്ടം 10 അനുസരിച്ച് ടി ചട്ടങ്ങൾ പ്രകാരമുള്ള ശൂന്യവേതനാവധി മുൻകാല പ്രാബല്യത്തിൽ അനുവദിക്കാൻ വ്യവസ്ഥയില്ലാത്തതിനാൽ ഇതിന്മേൽ പഞ്ചായത്ത് ഡയറക്ടറുടെ സ്പഷ്ടീകരണം ആരാഞ്ഞിരുന്നു. പരാമർശം (3) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ. ശ്രീമതി.സുമ.കെ.ജി യുടെ ഭർത്താവ് ആർമിയിൽ ഹൈആൾറ്റിറ്റ്യൂട് മേഖലയായ ലേ - ലഡാക്കിൽ സേവനം അനുഷ്ഠിച്ചിരുന്ന അവസരത്തിൽ ആരോഗ്യപ്രശ്നങ്ങളാൽ ഝാർഖണ്ഡിലേക്ക് സ്ഥലംമാറ്റി നിയമിച്ചതിനാൽ ടിയാളെ പരിചരിക്കുന്നതിനായാണ് 04.01.2016 തീയതി മുതൽ അവധിയിൽ പ്രവേശിക്കേണ്ടിവന്നതെന്നും മേൽ സാഹചര്യത്തിൽ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നതിന് മുന്നേ അവധിയിൽ പ്രവേശിച്ചത് മാപ്പാക്കി, 04.01.2016 മുതൽ 27.03.2016 വരെയുള്ള കാലം ശൂന്യവേതനാവധിയായി പരിഗണിച്ച് ഉത്തരവാകണമെന്നുമുള്ള ശ്രീമതി.സുമ.കെ.ജി യുടെ

അപേക്ഷയുടെ അടിസ്ഥാനത്തിലാണ് ഉത്തരവാകുന്നതിന് മുൻപേ അവധിയിൽ പ്രവേശിച്ച കാലം (04.01.2016 മുതൽ 27.03.2016 വരെയുള്ള കാലം) ഉൾപ്പെടെ 04.01.2016 മുതൽ 5 വർഷത്തേക്ക് പരാമർശം (1) ഉത്തരവ് പ്രകാരം അവധി അനുവദിച്ച് ഉത്തരവായിട്ടുള്ളതെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചു. സർക്കാർ നിർദ്ദേശപ്രകാരം ചട്ട പ്രകാരമല്ലാതെ അനുവദിച്ച പ്രസ്തുത അവധി പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ. റദ്ദ് ചെയ്യുകയും പ്രസ്തുത കാലയളവിലേക്ക് ടിയാൾ സമർപ്പിച്ച അവധി അപേക്ഷ അനന്തരനടപടികൾക്കായി ലഭ്യമാക്കുകയും ചെയ്തു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ഇന്ത്യൻ ആർമിയിൽ സൈനികനായ ശ്രീമതി.സുമ.കെ.ജി യുടെ ഭർത്താവ് അപകടകരമായ സാഹചര്യത്തിൽ ജോലി നോക്കിവരവെ അസുഖ ബാധിതനായതിനാലാണ് ടിയാളെ പരിചരിക്കുന്നതിനായി ശ്രീമതി.സുമ.കെ.ജി യ്ക്ക് ശൂന്യവേതനാവധി അനുവദിക്കുന്നതിന് മുൻപേ അവധിയിൽ പ്രവേശിക്കേണ്ടി വന്നത് എന്ന വസ്തുത പരിഗണിച്ച്, കണ്ണൂർ ജില്ലയിലെ ആറളം ഗ്രാമ പഞ്ചായത്തിലെ ഹെഡ് ക്ലാർക്ക് ശ്രീമതി.സുമ.കെ.ജി-യ്ക്ക് യാതൊരു കാരണവശാലും ഇനിയൊരു ദീർഘിപ്പിക്കൽ അനുവദിക്കുകയില്ല എന്ന വ്യവസ്ഥയിൽ, ഇന്ത്യയ്ക്കകത്ത് പങ്കാളിയോടൊപ്പം ചേരുന്നതിനായി 04.01.2016 മുതൽ 03.01.2021 വരെ അഞ്ച് വർഷത്തേക്കും, തുടർന്ന് 04.01.2021 മുതൽ 03.01.2026 വരെ അഞ്ച് വർഷത്തേക്കും കെ.എസ്.ആർ ഭാഗം I, XII C ചട്ടം 10-ൽ ഇളവ് വരുത്തിയും, ടി ചട്ടത്തിലെ മറ്റ് വ്യവസ്ഥകൾക്ക് വിധേയമായും ശൂന്യവേതനാവധി അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ടി അവധി കാലയളവ് അവസാനിക്കുന്ന മുറയ്ക്ക് ശ്രീമതി.സുമ.കെ.ജി. സർവ്വീസിൽ തിരികെ പ്രവേശിക്കേണ്ടതാണ്. തിരികെ പ്രവേശിക്കാത്ത പക്ഷം ടിയാൾക്കെതിരെ ചട്ടപ്രകാരമുള്ള അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (പഞ്ചായത്ത് ഡയറക്ടർ മുഖേന).

സെക്രട്ടറി, ആറളം ഗ്രാമപഞ്ചായത്ത്, കണ്ണൂർ (പഞ്ചായത്ത് ഡയറക്ടർ മുഖേന).

ശ്രീമതി.സുമ.കെ.ജി, ക്ലാർക്ക്, ആറളം ഗ്രാമപഞ്ചായത്ത്, കണ്ണൂർ (പഞ്ചായത്ത് ഡയറക്ടർ മുഖേന)

ധനവകുപ്പ് (27.12.2021ലെ 104/ഡെവ-5/38/ധന നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

ഓഫീസ് പകർപ്പ്/കരുതൽ ഫയൽ.(40/ഇപിഎ1/2021/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ